## 1997-ലെ 17-ാം ആക്റ്റ്

## 1997-ലെ ശിവഗിരി മഠം (അടിയന്തര വ്യവസ്ഥകൾ) ആക്റ്റ് *

വർക്കല ശിവഗിരി മഠം ആസ്ഥാനമായുള്ള "ശ്രീനാരായണ

ധർമ്മസംഘം ട്രസ്ററി”ന്റെ ഭരണനിർവ്വഹണം പൊതു

താൽപ്പര്യാർത്ഥം ഒരു ക്ലിപ്ത കാലയളവിലേക്ക്

ഏറെറടുക്കുന്നതിനും അതുമായി ബന്ധപ്പെ

ട്ടതോ ആനുഷംഗികമായതോ ആയ

കാര്യങ്ങൾക്ക് വേണ്ടിയും വ്യവസ്ഥ
ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—മഹാനായ സാമൂഹ്യ പരിഷ്ക്കർത്താവും പുണ്യപുരുഷനുമായ ശ്രീനാരായണ ഗുരു, സാൻമാർഗ്ഗികമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടും സാമൂഹ്യ പരിഷ്ക്കരണത്തിനും, ഒരു ജാതി, ഒരു മതം , ഒരു ദൈവം എന്ന ഒരു സാമൂഹ്യ ക്രമത്തിനും പ്രചോദനം നൽകിക്കൊണ്ടുമുള്ള അനന്യമായ ഒരു തത്വചിന്തയുടെ പ്രചരണ സ്ഥാപനമായി വർക്കല ആസ്ഥാനമാക്കി ശ്രീനാരായണ ധർമ്മ സംഘം ട്രസ്ററ് സ്ഥാപിച്ചിട്ടുള്ളതിനാലും ;

പ്രസ്തുത ട്രസ്ററിന് കാലാന്തരത്തിൽ കേരള സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും സംസ്ഥാനത്തിന് പുറത്തുമായി ആസ്തികളും വസ്തുവകകളും വന്നുചേർന്നിട്ടുള്ളതിനാലും;

പ്രസതുത ട്രസ്ററ്, വർക്കലയിലുള്ള പ്രധാന പ്രവർത്തനങ്ങൾ കൂടാതെ, കേരള സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലും സംസ്ഥാനത്തിനു പുറത്തും 28-5-1103 തീയതിയിലെ ഒരു ട്രസ്ററ് പ്രമാണ പ്രകാരവും, അതിനുശേഷം 1956-ലെ

* 1997 ഡിസംബർ 28-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 1997 ഡിസംബർ 29-ാം തീയതിയിലെ 1882-ാം നമ്പർ കേരള അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

എ.എസ്.നമ്പർ 14 (കെ) എന്ന കേസിൽ കേരള ഹൈക്കോടതി വ്യവസ്ഥചെയ്ത ഒരു പദ്ധതി പ്രകാരവും ആശുപത്രികളും വിദ്യാഭ്യാസസ്ഥാപനങ്ങളും ഉൾപ്പെടെ ധാരാളം സ്ഥാപനങ്ങൾ നടത്തിവരുന്നതിനാലും;

പ്രസ്തുത ട്രസ്ററ്, ഇന്ത്യയുടെ എല്ലാ ഭാഗത്തുനിന്നും അനുയായികളേയും ഭക്തരേയും ആകർഷിച്ചുകൊണ്ടും അവർക്ക് പ്രചോദനം നൽകിക്കൊണ്ടും ഒരു പരിപാവന തീർത്ഥാടന കേന്ദ്രമായി സാർവത്രിക ആദരവും ശ്രദ്ധയും പിടിച്ചുപററുന്ന ഒരു സ്ഥാപനമായിത്തീർന്നിരിക്കുന്നതിനാലും;

ട്രസ്ററ് ഫണ്ടുകളുടെ ഗുരുതരമായ ദുരുപയോഗവും കണക്കിൽ കൊള്ളിക്കാതിരിക്കലും ദുർവിനിയോഗവും സംബന്ധിച്ച് പരാതികൾ ഉണ്ടായിരുന്നതിനാലും;

അടുത്ത കാലത്തായി, പ്രസ്തുത ട്രസ്ററിന്റെയും അതിന്റെ വസ്തു വകകളുടെയും ഭരണവുമായി ബന്ധപ്പെട്ടവർ തമ്മിൽ ഗുരുതരമായ തർക്കങ്ങൾ ഉണ്ടാവുകയും ഗുണഭോക്താക്കളും അനുയായികളും ഭക്തൻമാരും ചേരിതിരിഞ്ഞ് തമ്മിൽത്തല്ലുന്ന ഗ്രൂപ്പുകളായി നിലകൊണ്ട് ശിവഗിരി മഠത്തിലും ട്രസ്ററിന്റെ കീഴിലുള്ള മററ് എല്ലാ സ്ഥാപനങ്ങളിലും അവയുടെ ഭരണ സംവിധാനത്തെ ഗുരുതരമായി ബാധിച്ചുകൊണ്ട് അക്രമവും അശാന്തിയും സംഘർഷാവസ്ഥയും നിറഞ്ഞ അന്തരീക്ഷമുള്ള ഒരു അവസ്ഥ സംജാതമായിരിക്കുന്നതിനാലും;

1973-ലെ ക്രിമിനൽ നിയമ നടപടി സംഹിതയുടെ 145-ാം വകുപ്പിൻ കീഴിൽ വർക്കല ശിവഗിരി മഠം ഉൾപ്പെടെ ട്രസ്ററിന്റെ കൈവശത്തെ സംബന്ധിച്ച നടപടികൾ നിലവിലുള്ളതിനാലും, ട്രസ്ററും അതിന്റെ സ്വത്തുക്കളും തിരുവനന്തപുരം ജില്ലാ മജിസ്ട്രേററ് നിയമിച്ച റിസീവറുടെ കൈവശത്തിൽ ആയതിനാലും;

ട്രസ്ററിന്റെ കീഴിലുള്ള വസ്തുവകകളുടെ കൈവശവും ഭരണവും തിരുവനന്തപുരം ജില്ലാ മജിസ്ട്രേററ് നിയമിച്ച റിസീവർ ഏറ്റെടുത്തതിനുശേഷവും വിരുദ്ധചേരിയിലുള്ള സന്യാസിമാർ ട്രസ്ററിന്റെ വസ്തുവകകളുടെ കൈവശത്തിനും നിയന്ത്രണത്തിനും വേണ്ടി അവകാശമുന്നയിച്ചുകൊണ്ടിരിക്കുകയും, തദ്വാര ട്രസ്ററും അതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെയും സമാധാന ലംഘനത്തിനിടയാക്കുകയും ചെയ്യുന്നതിനാലും;

ട്രസ്ററിന്റെയും ട്രസ്ററിന്റെ ഉടമസ്ഥതയിലും കൈവശത്തിനലും ട്രസ്ററിനാൽ നടത്തപ്പെടുന്നതുമായ എല്ലാ സ്ഥാപനങ്ങളുടെയും ഭരണം സംബന്ധിച്ച് അപ്രകാരം ഉണ്ടായിട്ടുള്ള സാഹചര്യം കണക്കിലെടുത്ത് അവയുടെ ഭരണം, പൊതുതാൽപര്യാർത്ഥം, ഒരു ക്ലിപ്ത കാലത്തേക്ക്, ഏറ്റെടുക്കേണ്ടത് ആവശ്യമായിരിക്കുന്നതിനാലും ട്രസ്ററിന്റെ ഭരണം ഏററെടുക്കുന്നതിനുള്ള ഏതൊരു

കാലതാമസവും ട്രസ്ററിന്റെ താൽപര്യത്തിനും ഉദ്ദേശലക്ഷ്യങ്ങൾക്കും വളരെ അധികം ഹാനികരമായിത്തീരുമെന്നതിനാലും;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപതാം സംവൽസരത്തിൽ ഇനി പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

അദ്ധ്യായം I

പ്രാരംഭം

1. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.—(1) ഈ ആക്ററിന് 1997-ലെ കേരള ശിവഗിരിമഠം (അടിയന്തര വ്യവസ്ഥകൾ) ആക്ററ് എന്നു പേർപറയാം.

(2) ഇത് 1997 ഒക്ടോബർ മാസം 9-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ററിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അഡ്മിനിസ്ട്രേററർ" എന്നാൽ 5-ാം വകുപ്പുപ്രകാരം നിയമിക്കപ്പെട്ട അഡ്മിനിസ്ട്രേററർ എന്നർത്ഥമാകുന്നു;

(ബി) "നിശ്ചയിക്കപ്പെട്ട ദിവസം" എന്നാൽ 1997 ഒക്ടോബർ മാസം 9-ാം തീയതി എന്നർത്ഥമാകുന്നു ;

(സി) "കൗൺസിൽ" എന്നാൽ 6-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം രൂപീകരിച്ചിട്ടുള്ള ഉപദേശക സമിതി എന്നർത്ഥമാകുന്നു ;

(ഡി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഇ) "പദ്ധതി" എന്നാൽ കേരള ഹൈക്കോടതിയുടെ 1956-ലെ എ.എസ്.നമ്പർ 14 (കെ) പ്രകാരം നിശ്ചയിക്കപ്പെട്ട ട്രസ്ററിന്റെ പദ്ധതി എന്നർത്ഥമാകുന്നു;

(എഫ്)"ട്രൈബ്യൂണൽ" എന്നാൽ 9-ാം വകുപ്പിൻ കീഴിൽ നിയമിക്കപ്പെട്ടിട്ടുള്ള ട്രൈബ്യൂണൽ എന്നർത്ഥമാകുന്നു ;

(ജി) "ട്രസ്ററ്" എന്നാൽ പദ്ധതി പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ശ്രീനാരായണ ധർമ്മസംഘം ട്രസ്ററും അതിൽ ശിവഗിരിമഠവും മുൻപറഞ്ഞ ട്രസ്ററിന്റെ മററ് എല്ലാവിധ വസ്തുവകകളും ഉൾപ്പെടുന്നതുമാകുന്നു.

## അദ്ധ്യായം II

## ശ്രീനാരായണ ധർമ്മസംഘം ട്രസ്ററിന്റെ ഭരണം ഏററെടുക്കൽ

3\. ട്രസ്ററിന്റെ ഭരണം ഒരു ക്ലിപ്തകാലത്തേക്ക് ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുമെന്ന്.—(1) നിശ്ചയിക്കപ്പെട്ട ദിവസവും അതു മുതലും രണ്ടുവർഷക്കാലത്തേക്ക് ട്രസ്ററിന്റെ ഭരണം ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്നതാണ്:

എന്നാൽ, ട്രസ്ററിന്റെ ശരിയായ ഭരണം ഉറപ്പുവരുത്തുന്നതിനുവേണ്ടി, മുൻപറഞ്ഞ രണ്ടുവർഷ കാലാവധിക്കുശേഷവും അപ്രകാരമുള്ള ഭരണം ഗവൺമെന്റിൽ നിക്ഷിപ്തമായി തുടരുന്നത് യുക്തമാണെന്ന് ഗവൺമെന്റിന് അഭിപ്രായമുള്ളപക്ഷം, അതിന് അങ്ങനെയുള്ള ഭരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് സമയാസമയങ്ങളിൽ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്; എന്നാൽ, അപ്രകാരമായിരുന്നാൽ തന്നെയും, മൊത്തത്തിലുള്ള കാലാവധി നിശ്ചയിക്കപ്പെട്ട ദിവസം മുതൽ അഞ്ചുവർഷത്തിൽ കവിയാൻ പാടുള്ളതല്ല.

(2) ട്രസ്ററിൽ എല്ലാ ആസ്തികളും, അവകാശങ്ങളും, അധികാരങ്ങളും, പ്രത്യേക അവകാശങ്ങളും, എല്ലാ വസ്തുവകകളും ആശുപത്രികളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും അതുപോലെതന്നെ ട്രസ്ററിന്റെ ഉടമസ്തയിലുള്ളതും കൂടാതെ അവയിൻമേൽ ട്രസ്ററിന് എന്തെങ്കിലും അവകാശമോ താൽപ്പര്യമോ ഉള്ള അപ്രകാരമുള്ള മററ് സ്ഥാപനങ്ങളും ഉൾപ്പെടുന്നതായി കരുതപ്പെടേണ്ടതാണ് .

4\. നിക്ഷിപ്തമാക്കലിന്റെ പൊതു പ്രഭാവം.—തത്സമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ അഥവാ ട്രസ്ററിന്റെ ഭരണപരമായ കാര്യങ്ങൾക്കോ അല്ലെങ്കിൽ ചിട്ടപ്പെടുത്തലിനോ വേണ്ടി തീർപ്പാക്കിയിട്ടുള്ളതോ അല്ലെങ്കിൽ രൂപപ്പെടുത്തിയിട്ടുള്ളതോ ആയ ഏതെങ്കിലും കാരണത്തിലോ ഏതെങ്കിലും പദ്ധതിയിലോ, മററു രേഖയിലോ അഥവാ പ്രമാണത്തിലോ എന്തു തന്നെ അടങ്ങിയിരുന്നാലും,—

(എ) നിശ്ചയിക്കപ്പെട്ട ദിവസവും അന്നുമുതൽക്കും ട്രസ്ററിന്റെ ഭരണസമിതിയിലെ എല്ലാ അംഗങ്ങളും ട്രസ്ററുമായി ബന്ധപ്പെട്ട എന്തെങ്കിലും ഭരണാധികാരവും പ്രയോഗിക്കാൻ പാടില്ലാത്തതും;

(ബി) ഭരണപരമായ ഏതെങ്കിലും പ്രവൃത്തിയുമായി ബന്ധപ്പെട്ട് അംഗങ്ങളുടേതായ ഏതെങ്കിലും യോഗത്തിൽ ട്രസ്ററുമായി ബന്ധപ്പെട്ട യാതൊരു

പ്രമേയവും ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ പാസ്സാക്കാൻ പാടില്ലാത്തതും;

(സി) ട്രസ്ററിന്റെ നടത്തിപ്പിനുവേണ്ടിയോ ട്രസ്ററികളുടെ അവകാശത്തിനുവേണ്ടിയോ വ്യവഹാരപ്പെടുത്തുന്നതിനുള്ള അവകാശമെന്ന നിലയിലോ, അഥവാ 3-ാം വകുപ്പുപ്രകാരം ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്ന ട്രസ്ററിനെ അല്ലെങ്കിൽ ട്രസ്ററിന്റെ വസ്തുവകകളെ സംബന്ധിച്ച് ഒരു റിസീവറെ നിയമിക്കുന്നതിനോ വേണ്ടിയുള്ള യാതൊരുവിധ നിയമ നടപടിയും, ഗവൺമെന്റിന്റെ അനുവാദത്തോടെയല്ലാതെ ഒരു കോടതിയിലും നിലനിൽക്കുന്നതല്ലാത്തതും

ആകുന്നു

**5.** <u>ട്രസ്ററിന്റെ ഭരണം.</u>—(1) നിശ്ചയിക്കപ്പെട്ട ദിവസം മുതൽ, ഒരു വ്യക്തിയെയോ അഥവാ വ്യക്തികളുടെ ഒരു സംഘത്തെയോ ട്രസ്ററിന്റെ ഭരണം ഏറെറടുക്കുന്ന ആവശ്യത്തിനുവേണ്ടി ഗവൺമെന്റ് അഡ്മിനിസ്ട്രേററർ ഗവൺമെന്റിന് വേണ്ടി ഭരണം നടത്തേണ്ടതുമാകുന്നു.

(2) അഡ്മിനിസ്ട്രേററർക്ക്, അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന അപ്രകാരമുള്ള ഒരു വ്യക്തിയെ, ഈ ആക്ററിൻ കീഴിൽ അദ്ദേഹത്തിന് വിനിയോഗിക്കാവുന്ന എല്ലാമോ അഥവാ ഏതെങ്കിലുമോ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് ചുമതലപ്പെടുത്താവുന്നതും, വെവ്വേറെയുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിന് വെവ്വേറെ വ്യക്തികളെ ചുമതലപ്പെടുത്താവുന്നതും കൂടാതെ, അഡ്മിനിസ്ട്രേററർ നൽകുന്നതോ ചുമത്തുന്നതോ ആയ പൊതുവായതോ അഥവാ പ്രത്യേകിച്ചുള്ളതോ ആയ നിർദ്ദേശങ്ങൾക്കു വിധേയമായി, അപ്രകാരം അഡ്മിനിസ്ട്രേറററുടേതായ ഏതുവിധ അധികാരങ്ങളും വിനിയോഗിക്കുന്നതിന് ചുമതലപ്പെടുത്തപ്പെട്ട വ്യക്തിക്ക് അങ്ങനെയുള്ള അധികാരങ്ങൾ ഈ ആക്ററ് പ്രകാരം അപ്രകാരമുള്ള വ്യക്തിയിൻമേൽ നേരിട്ടു നൽകിയിരുന്നാലെന്നപെലെ—അധികാരപ്പെടുത്തലായിട്ടല്ല—അപ്രകാരമുള്ള അതേ രീതിയിലും അതേ പ്രഭാവത്തിലും തന്നെ പ്രയോഗിക്കാവുന്നതാണ്.

(3) നിശ്ചയിക്കപ്പെട്ട തീയതിയിൽ, 3-ാം വകുപ്പുപ്രകാരം ഗവൺമെന്റിൽ നിക്ഷിപ്തമായ ഏതെങ്കിലും വസ്തുവകകളെ സംബന്ധിച്ച് ട്രസ്റോറോ ട്രസ്ററിനെതിരെയോ ആരംഭിച്ചിട്ടുള്ളതോ ബോധിപ്പിച്ചിട്ടുള്ളതോ ആയ ഏത് തരത്തിലുമുള്ള ഏതെങ്കിലും വ്യവഹാരമോ, അപ്പീലോ അഥവാ മറ്റേതെങ്കിലും നിയമനടപടിയോ തീർപ്പുകൽപ്പിക്കപ്പെടാതിരിക്കുകയാണെങ്കിൽ, അവയ്ക്ക് സാധുതയില്ലാതായിത്തീരുകയോ, തുടരുന്നതല്ലാതായിത്തീരുകയോ ആകാത്തതും, അഥവാ ട്രസ്ററിന്റെ ഭരണം ഏറെറടുക്കപ്പെട്ടു എന്ന കാരണത്താലോ അല്ലെങ്കിൽ ഈ ആക്ററിൽ അടങ്ങിയിട്ടുള്ള എന്തെങ്കിലും കാരണത്താലോ ഹാനികരമായി

ഭവിക്കുകയോ ആകാത്തതും എന്നാൽ വ്യവഹാരമോ, അപ്പീലോ അല്ലെങ്കിൽ മററു നിയനടപടിയോ ഗവൺമെന്റിനാലോ അല്ലെങ്കിൽ ഗവൺമെന്റിനെതിരായോ അത് തുടരുകയോ, നടപ്പാക്കുകയോ പ്രാബല്യത്തിൽ വരുത്തുകയോ ചെയ്യാവുന്നതുമാണ്.

(4) ഗവൺമെന്റിന്, അഡ്മിനിസ്ട്രേററുടെ അധികാരങ്ങളേയും ചുമതലകളേയും സംബന്ധിച്ച് ഗവൺമെന്റിന് അഭിലക്ഷണീയമെന്ന് കരുതുന്ന പ്രകാരമുള്ള നിർദ്ദേശങ്ങൾ (ഏതെങ്കിലും കോടതിയുടെയോ, ട്രൈബ്യൂണലിന്റെയോ മററ് ഏതെങ്കിലും അധികാരസ്ഥന്റെയോ മുൻപാകെ ഏതെങ്കിലും നിയമ നടപടികൾ തുടങ്ങുന്നതിനോ പ്രതിപാദിക്കുന്നതിനോ തുടരുന്നതിനോ ഉള്ള നിർദ്ദേശങ്ങൾ ഉൾപ്പെടെ) അദ്ദേഹത്തിന് നൽകാവുന്നതും അഡ്മിനിസ്ട്രേററർക്ക് ട്രസ്ററിന്റെ ഭരണം നടത്തുന്ന രീതിയെക്കുറിച്ചോ ഇങ്ങനെയുള്ള ഭരണത്തിനിടയിൽ ഉണ്ടാകുന്ന ഏതെങ്കിലും സംഗതിയെ സംബന്ധിച്ചോ ഉള്ള നിർദ്ദേശത്തിനായി ഏത് സമയത്തും ഗവൺമെന്റിനോട് അപേക്ഷിക്കാവുന്നതുമാണ്.

(5) ഈ ആക്ററിലെ മററ് വ്യവസ്ഥകൾക്കും, ഗവൺമെന്റിന്റെ നിയന്ത്രണത്തിനും വിധേയമായി, അഡ്മിനിസ്ട്രേററർക്ക്, ട്രസ്ററിന്റെ ഭരണപരമായ സംഗതികളുമായി ബന്ധപ്പെട്ട്, അതത് സംഗതിപോലെ, ട്രസ്ററ് ബോർഡിന്റെയോ അഥവാ എക്സിക്യൂട്ടീവ് കൗൺസിലിന്റെയോ അല്ലെങ്കിൽ ട്രസ്ററിന്റെ ബോർഡ് ഓഫ് ട്രസ്ററിയുടെയോ, അധികാരങ്ങൾ വിനിയോഗിക്കാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(6) അഡ്മിനിസ്ട്രേററർക്കും (2)-ാം ഉപവകുപ്പിൻ കീഴിൽ അദ്ദേഹം അധികാരപ്പെടുത്തുന്ന മററാളുകൾക്കും ഗൺമെന്റ് നിശ്ചയിക്കുന്ന പ്രകാരമുള്ള പ്രതിഫലം ഉൾപ്പെടെയുള്ള ട്രസ്ററിന്റെ ഭരണപരമായ എല്ലാ ചെലവുകളും ട്രസ്ററിന്റെ ഫണ്ടിൽ നിന്നും നൽകേണ്ടതാണ്.

6. ഉപദേശക സമിതി.— (1) നിശ്ചയിക്കപ്പെട്ട ദിവസത്തിന് ശേഷം എത്രയും വേഗത്തിൽ, എന്നാൽ ആ ദിവസം മുതൽ മൂന്നു മാസം കഴിയുന്നതിനു മുൻപ്, ട്രസ്ററിന്റെ ഭരണത്തിൽ, അഡ്മിനിസ്ട്രേററെ ഉപദേശിക്കുന്നതിനായി ഗവൺമെന്റ് ഒരു ഉപദേശക സമിതി രൂപീകരിക്കേണ്ടതാണ്.

(2) സമിതിക്ക്, അതത് സംഗതിപോലെ, സ്വയം, അല്ലെങ്കിൽ ഗവൺമെന്റിന്റെയോ അഡ്മിനിസ്ട്രേററുടെയോ ആവശ്യപ്രകാരമോ ട്രസ്ററിന്റെ ഭരണത്തെ സംബന്ധിക്കുന്ന ഏത് സംഗതിയിലും ഉപദേശം നൽകാവുന്നതാണ്.

(3) നിശ്ചയിക്കപ്പെട്ട ദിവസത്തിനുമുൻപ്, ട്രസ്ററിന്റെയോ, അഥവാ മഠങ്ങൾ, ക്ഷേത്രങ്ങൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ട്രസ്ററിന്റെ വക സ്ഥാപനങ്ങളിൽ ഏതിന്റെയെങ്കിലുമോ ഭരണ ചുമതല വഹിക്കുന്ന

ഓരോ ആളും, ആ ദിവസം മുതൽ പത്ത് ദിവസത്തിനുള്ളിൽ, അല്ലെങ്കിൽ, ഗവൺമെന്റ് ഇതിലേക്കായി അനുവദിക്കാവുന്ന അങ്ങിനെയുള്ള കൂടുതൽ കാലാവധിക്കകത്ത് നിശ്ചയിക്കപ്പെട്ട ദിവസത്തിന് തൊട്ട് മുൻപ് ട്രസ്ററിന്റെ ഭാഗമായിരുന്നതോ അതുമായി ബന്ധപ്പെട്ടതോ ആയ സംഭാവനകൾ, നേർച്ചകൾ, ഫീസുകൾ എന്നിവ വഴി ലഭിച്ച തുകകളുടെ വിവരങ്ങളും, പുസ്തകങ്ങളും, നിക്ഷേപങ്ങളും എന്നിവ ഉൾപ്പെടെയുള്ള എല്ലാ വസ്തുവകകളുടേയും ആസ്തികളുടേയും നിശ്ചയിക്കപ്പെട്ട ദിവസത്തിനു തൊട്ടുമുൻപ് ട്രസ്ററിന് നിലവിലുണ്ടായിരുന്ന എല്ലാ കടബാദ്ധ്യതകളുടേയും കൂടാതെ നിശ്ചയിക്കപ്പെട്ട ദിവസത്തിന് തൊട്ട് മുൻപ് നിലവിലുണ്ടായിരുന്ന ട്രസ്ററ് ഉണ്ടാക്കിയ എല്ലാ കരാറുകളുടേയും ഒരു പൂർണ്ണ വിവരപ്പട്ടിക അഡ്മിനിസ്ട്രേററർക്ക് നൽകേണ്ടതാണ്.

(4) (2)-ാം ഉപവകുപ്പിൻ കീഴിൽ ഉപദേശം നൽകുമ്പോൾ—

(i) ട്രസ്ററിന്റെ പ്രവർത്തനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നുവെന്നും;

(ii) ട്രസ്ററികളും, ഗുണഭോക്താക്കളും പൊതുജനങ്ങളും തമ്മിലുള്ള ഒരുമ സൃഷ്ടിക്കുന്നതും ട്രസ്ററിൽ സൗഹൃദാന്തരീക്ഷം പുനഃസ്ഥാപിക്കുന്നതും;

(iii) ട്രസ്റ്റിനുവേണ്ടി വ്യവസ്ഥ ചെയ്തിരിക്കുന്ന പദ്ധതിയിൽ അനുശാസിക്കുന്ന ഉദ്ദേശ്യ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കണമെന്ന കാഴ്ചപ്പാടോടെ പരിപാടികൾ ആവിഷ്ക്കരിക്കുന്നതും പ്രോൽസാഹിപ്പിക്കുന്നതും

ഉറപ്പുവരുത്തുന്നതിന് സമിതി യത്നിക്കേണ്ടതാണ്.

(5) സമിതി, ട്രസ്ററ് ബോർഡിന്റെ ഒരു തെരഞ്ഞെടുപ്പിൽ വോട്ടവകാശമുള്ള അംഗങ്ങളുടെ ശരിയായ ഒരു ലിസ്ററ് തയ്യാറാക്കുന്നതിനായി ഗവൺമെന്റിന് ആവശ്യമായ ഉപദേശം നൽകേണ്ടതും ട്രസ്ററ് ബോർഡിന്റെ നേരത്തെ നടന്ന തിരഞ്ഞെടുപ്പുദിവസം മുതൽ അംഗങ്ങളെ ചേർക്കുന്നതിനുള്ള യോഗ്യത സംബന്ധിച്ച വ്യക്തമായ നിർദ്ദേശത്തോടുകൂടി അംഗങ്ങളുടെ അങ്ങനെയുള്ള ഒരു ലിസ്ററ് തയ്യാറാക്കുന്നതിനാവശ്യമായ കൂടുതൽ നിർദ്ദേശങ്ങളും, ഈ ആക്ററിന്റെ വ്യവസ്ഥകൾക്കനുസൃതമായി, അഡ്മിനിസ്ട്രേററർ ഉദ്യോഗം ഒഴിയുമ്പോൾ അതിന്റെ സ്ഥാനത്ത് പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഒരു ട്രസ്ററ് ബോർഡ് ഉണ്ടാക്കത്തക്കവണ്ണം അഡ്മിനിസ്ട്രേറററുടെ ഭരണ കാലാവധി തീരുന്നതിനു മുൻപ് ഒരു പുതിയ തെരഞ്ഞടുപ്പ് നടത്തുന്നതിനുള്ള നിർദ്ദേശവും നൽകേണ്ടതാണ്. ഈ ഉപവകുപ്പിൻ കീഴിൽ ട്രസ്ററ് ബോർഡിലേക്ക് അപ്രകാരം നടത്തപ്പെടുന്ന തെരഞ്ഞെടുപ്പ്, സമിതിയുടെ മേൽനോട്ടത്തിലായിരിക്കേണ്ടതും, സമിതി ഈ തെരഞ്ഞെടുപ്പ് അംഗീകരിക്കുകയാണെങ്കിൽ, അത് അങ്ങനെയുള്ള അംഗീകാരം

പ്രഖ്യാപിക്കുകയും അതിന് യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള രീതിയിൽ അത് പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതും, അതിനുശേഷം, അങ്ങനെയുള്ള തെരഞ്ഞെടുപ്പ് അന്തിമവും തർക്കരഹിതവുമായിരിക്കുന്നതും അത് യാതൊരു കാരണത്തിൻമേലും ഏതെങ്കിലും കോടതിയിൽ ചോദ്യം ചെയ്യാൻ പാടില്ലാത്തതായിരിക്കുന്നതുമാണ്.

(6) ഉപദേശകസമിതി അംഗങ്ങളുടെ അലവൻസ്, വേതനം എന്നിവ ഉൾപ്പെടെയുള്ള സമിതിയുടെ എല്ലാ ചെലവുകളും ട്രസ്ററു ഫണ്ടിൽ നിന്നും നൽകേണ്ടതാണ്.

7. <u>ട്രസ്ററിന്റെ സ്വത്തുക്കളുടെ ഏൽപ്പിച്ചുകൊടുക്കലും ഏറെറടുക്കലും</u>.—(1) ട്രസ്ററിന്റെ ഭാഗമായതോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ടതോ ആയ ഏതെങ്കിലും സ്വത്ത്, നിശ്ചയിക്കപ്പെട്ട ദിവസം, തന്റെ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള എല്ലാ ആളുകളും അഡ്മിനിസ്ട്രേററർക്ക് അല്ലെങ്കിൽ ഗവൺമെന്റ് ഇതിലേക്കായി അധികാരപ്പെടുത്തിയ അങ്ങനെയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്, അങ്ങനെയുള്ള സ്വത്ത് ഉടനടി ഏൽപ്പിച്ചുകൊടുക്കേണ്ടതാണ്.

(2) ഏതൊരാളും, നിശ്ചയിക്കപ്പെട്ട ദിവസം, തന്റെ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള ട്രസ്ററിനെ സംബന്ധിച്ച ഏതെങ്കിലും റെക്കാർഡുകൾ, കടലാസുകൾ, ബുക്കുകൾ അല്ലെങ്കിൽ മററ് രേഖകൾ (മിനിററ്സ് ബുക്കുകളും, പ്രമേയങ്ങളും ഉൾപ്പെടെ) കറന്റ് ചെക്കുബുക്കുകൾ ഏതെങ്കിലും കത്തുകൾ, മെമ്മോറാണ്ടം, കുറിപ്പുകൾ ട്രസ്ററുമായി ബന്ധപ്പെട്ട് മററു വസ്തുക്കൾ എന്നിവ, തൽസമയം പ്രാബല്യത്തിലുള്ള മററ് ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അവ അഡ്മിനിസ്ട്രേററെ ഏൽപ്പിച്ചു ബോദ്ധ്യപ്പെടുത്താൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

8. <u>നിർദ്ദിഷ്ട കാലാവധിക്കു മുൻപു ഭരണം വിട്ടുകൊടുക്കൽ</u>.—(1) എന്തുദ്ദേശത്തിനു വേണ്ടിയാണോ ട്രസ്ററിന്റെ ഭരണം ഏററെടുത്തിട്ടുള്ളത് ആ ഉദ്ദേശം പൂർത്തീകരിച്ചിട്ടുണ്ടെന്നോ അഥവാ, മറെറന്തെങ്കിലും കാരണത്താൽ, ട്രസ്ററിന്റെ ഭരണം സർക്കാരിൽ നിക്ഷിപ്തമായി തുടരുന്നത് ആവശ്യമില്ലെന്നോ, എപ്പോഴെങ്കിലും ഗവൺമെന്റിന് ബോദ്ധ്യപ്പെടുകയാണെങ്കിൽ അതിന്, 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഗസററിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുവഴി, ആ ഉത്തരവിൽ പറയുന്ന തീയതി മുതൽ പ്രാബല്യത്തോടെ ഭരണം വിട്ടുകൊടുക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള തീയതിയിലും അന്നുമുതലും, ട്രസ്ററിന്റെ ഭാഗമായതോ അഥവാ അതുമായി ബന്ധപ്പെട്ടതോ ആയ സ്വത്തിന്റെ ഭരണം ട്രസ്ററിന്റെ ട്രസ്ററ്ബോർഡിൽ നിക്ഷിപ്തമാവുന്നതും, പദ്ധതിയുടെ വ്യവസ്ഥകൾക്കനുസൃതമായി അപ്രകാരമുള്ള

ഭരണം നടത്തിക്കൊണ്ടു പോകേണ്ടതുമാണ്. അഡ്മിനിസ്ട്രേററർ പുറപ്പെടുവിച്ച എല്ലാ ഉത്തരവുകളും, എടുത്ത എല്ലാ നടപടികളും, പദ്ധതിക്കനുസൃതമായി ട്രസ്ററ്ബോർഡ് പുറപ്പെടുവിക്കുകയും നടത്തിയതുമായിരുന്നെന്നപോലെ തുടരുന്നതാണ്.

9. ട്രൈബ്യൂണൽ.—(1) ട്രസ്ററുമായി ബന്ധപ്പെട്ടതോ ഈ ആക്ററ് പ്രകാരം നൽകപ്പെട്ട അധികാരത്തിൻ കീഴിൽ അഡ്മിനിസ്ട്രേററർ കൈവശം ഏറ്റെടുക്കുന്നതോ അഥവാ കൈവശം ഏറ്റെടുക്കുന്നതായി അവകാശപ്പെടുന്നതോ ആയ ഏതെങ്കിലും സ്വത്തിന്റെ കൈവശാവകാശമുൾപ്പെടെയുള്ള, അവകാശത്തെയോ ഉടമസ്ഥതയേയോ താൽപര്യത്തെയോപ്പററി ഏതെങ്കിലും തർക്കം ഉണ്ടാകുകയാണെങ്കിൽ, അങ്ങിനെയുള്ള തർക്കം ഈ ആക്ററ് പ്രകാരം രൂപീകരിക്കപ്പെടേണ്ട ട്രൈബ്യൂണലിന്റെ തീരുമാനപ്രകാരം പരിഹരിക്കപ്പെടേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ട്രൈബ്യൂണൽ ഹൈക്കോടതിയിൽ ജഡ്ജിയായിരുന്ന ഒരാൾ ആയിരിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള വ്യവസ്ഥകളിൻമേലും നിബന്ധനകളിൻമേലും ഗവൺമെന്റ് നിയമിക്കേണ്ടതുമാണ്.

(3) ട്രൈബ്യൂണലിന്റെ തീരുമാനം ഒരു സിവിൽക്കോടതി പാസ്സാക്കിയ ഒരു വിധിയെന്നപോലെ സാധുതയുണ്ടായിരിക്കുന്നതും കക്ഷികൾക്ക് ബാധകമായിരിക്കുന്നതുമാണ്.

(4) ട്രസ്ററികൾക്കോ ഗുണഭോക്താക്കൾക്കോ അല്ലെങ്കിൽ ട്രസ്ററുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കാര്യമായ താൽപര്യമുള്ള ഏതൊരാൾക്കുമോ, അല്ലെങ്കിൽ ഗവൺമെന്റിനോ ഏതൊരു തർക്കവും പരിഹരിക്കുന്നതിനുവേണ്ടി ട്രൈബ്യൂണലിനെ സമീപിക്കാവുന്നതാണ്.

(5) ട്രൈബ്യൂണലിന്, ഈ വകുപ്പിൻകീഴിലുള്ള ഏതൊരു തർക്കവും പരിഹരിക്കുന്നതിന്, ഇനിപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച്, 1908-ലെ സിവിൽ നടപടി നിയമസംഹിത ( 1908-ലെ 5-ാം കേന്ദ്ര ആക്ററ്) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

അതായത്:—

(എ) ഏതെങ്കിലും ആളെ സമൺസ് അയച്ചു വരുത്തുക, അയാളുടെ ഹാജർ നിർബന്ധമാക്കുക, അയാളെ സത്യം ചെയ്യിപ്പിച്ചു വിസ്തരിക്കുക;

(ബി) പ്രമാണങ്ങളുടെ കണ്ടുപിടിക്കലോ പരിശോധനയോ ഹാജരാക്കലോ ആവശ്യപ്പെടുക;

(സി) സത്യം ചെയ്യിപ്പിച്ച് തെളിവ് രേഖപ്പെടുത്തുക, ഏതെങ്കിലും കോടതിയിൽ നിന്നോ ഓഫീസിൽ നിന്നോ ഏതെങ്കിലും പൊതുരേഖ ആവശ്യപ്പെടുക;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനോ രോഖകൾ പരിശോധിക്കുന്നതിനോ വേണ്ടി കമ്മീഷനെ നിയമിക്കുക;

(ഇ) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള മററ് കാര്യങ്ങൾ.

**(6)** ട്രൈബ്യൂണലിന് അതിന്റെ സ്വന്തം നടപടിക്രമങ്ങൾ തിട്ടപ്പെടുത്തുവാനും അതിന് അഭിലക്ഷണീയമായ സ്ഥലത്തോ സ്ഥലങ്ങളിലോ വച്ച് സിററിംഗ് നടത്തുവാനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

**(7)** ട്രൈബ്യൂണലിനു നേരിടുന്ന എല്ലാ ചെലവുകളും സംസ്ഥാന സഞ്ചിതനിദിയിൽ നിന്നും വഹിക്കേണ്ടതാണ്.

**10.** <u>അപ്പീൽ.</u>— ട്രൈബ്യൂണലിന്റെ തീരുമാനംമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, അങ്ങിനെയുള്ള തീരുമാന തീയതിമുതൽ മുപ്പത് ദിവസത്തിനുള്ളിൽ, ഹൈക്കോടതി മുൻപാകെ ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതും അങ്ങനെയുള്ള അപ്പീൽ ഹൈക്കോടതിയുടെ രണ്ട് ജഡ്ജിമാരിൽ കുറയാത്തവരുൾപ്പെട്ട ഒരു ബഞ്ച് കേൾക്കേണ്ടതും തീർപ്പാക്കേണ്ടതുമാണ്.

## <u>അദ്ധ്യായം III</u>

### പലവക

**11.** <u>ആക്ററിന് അധിപ്രഭാവം ഉണ്ടായിരിക്കുമെന്ന്.</u>— ഈ ആക്ററിലെ വ്യവസ്ഥകൾക്ക്, അല്ലെങ്കിൽ അതിൻകീഴിൽ പുറപ്പെടുവിച്ച ഏതെങ്കിലും വിജ്ഞാപനത്തിനോ ഉത്തരവിനോ അല്ലെങ്കിൽ ചട്ടത്തിനോ, അവയ്ക്ക് വിരുദ്ധമായി ഈ ആക്ററുപ്രകാരമുള്ളതല്ലാതുള്ള ഏതെങ്കിലും നിയമത്തിലോ, ഈ ആക്ററ് അല്ലാതുള്ള ഏതെങ്കിലും നിയമം വഴി പ്രഭാവമുണ്ടാക്കുന്ന ഏതെങ്കിലും നിയമരേഖയിലോ , ഏതെങ്കിലും കോടതിയുടെ ഡിക്രിയിലോ ഉത്തരവിലോ, എന്തുതന്നെ അടങ്ങിയിരുന്നാലും പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

**12.** <u>ഉത്തവിശ്വാസത്തോടെ എടുക്കപ്പെട്ട നടപടികൾക്കുള്ള സംരക്ഷണം.</u>—**(1)** ഈ ആക്ററ് പ്രകാരം ഉത്തമവിശ്വാസത്തോടെ ചെയ്യുന്നതോ അഥവാ ചെയ്യുവാനുദ്ദേശിക്കുന്നതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് യാതൊരു

വ്യവഹാരവും പ്രോസിക്യൂഷനും അല്ലെങ്കിൽ മററു നിയമനടപടികളും ഗവൺമെന്റിനോ, ഗവൺമെന്റിന്റെ ഏതെങ്കിലും ഓഫീസർക്കോ, മറ്റേതെങ്കിലും ജീവനക്കാരനോ, അഡ്മിനിസ്ട്രേററർക്കോ, 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം അഡ്മിനിസ്ട്രേററർ അധികാരപ്പടുത്തിയിട്ടുള്ള ഏതെങ്കിലും ആളിനോ എതിരായി നിലനിൽക്കുന്നതല്ല.

(2) ഈ ആക്ററ് പ്രകാരം ഉത്തമവിശ്വാസത്തോടെ ചെയ്യുന്നതോ അഥവാ ചെയ്യാനുദ്ദേശിക്കുന്നതോ ആയ ഏതെങ്കിലും കാര്യംമൂലം, ഉണ്ടായതോ ഉണ്ടാകാൻ ഇടയുള്ളതോ ആയ നഷ്ടത്തിനുവേണ്ടി യാതൊരു വ്യവഹാരവും അല്ലെങ്കിൽ മററു നിയമനടപടികളും, ഗവൺമെന്റിനോ അല്ലെങ്കിൽ ഏതെങ്കിലും ഓഫീസർക്കോ മററു ജീവനക്കാരനോ, അഡ്മിനിസ്ട്രേററർക്കോ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം അഡ്മിനിസ്ട്രേററർ അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ആളിനോ എതിരായി നിലനിൽക്കുന്നതല്ല.

13.<u>ശിക്ഷകൾ.</u>—ഏതെങ്കിലും ആൾ—

(എ) ട്രസ്ററിന്റെ ഭാഗമായതോ ബന്ധപ്പെട്ടതോ ആയ ഏതെങ്കിലും ആസ്തിയിൻമേലോ സ്വത്തിൻമേലോ അയാൾക്ക് കൈവശമോ അധീനതയോ നിയന്ത്രണമോ ഉണ്ടായിരിക്കേ, അങ്ങനെയുള്ള സ്വത്ത് അഡ്മിനിസ്ട്രേറററിൽ നിന്നോ ഈ ആക്ററ് പ്രകാരം അദ്ദേഹം അധികാരപ്പെടുത്തുന്ന ഏതെങ്കിലും ആളിൽനിന്നോ അന്യായമായി തടഞ്ഞുവെയ്ക്കുകയോ; അഥവാ

(ബി) ട്രസ്ററിന്റെ ഭാഗമായതോ ബന്ധപ്പെട്ടതോ ആയ അങ്ങനെയുള്ള ഏതെങ്കിലും ആസ്തിയുടേയോ സ്വത്തിന്റെയോ കൈവശാവകാശം അന്യായമായി നേടുകയോ; അഥവാ

(സി) ട്രസ്ററിന്റെ ഭാഗമായതോ ബന്ധപ്പെട്ടതോ ആയ അങ്ങനെയുള്ള ഏതെങ്കിലും ആസ്തിയോ സ്വത്തോ മനഃപൂർവ്വം കൈവശം വെച്ചുകൊണ്ടിരിക്കുകയോ അത് മാററിക്കൊണ്ടുപോവുകയോ നശിപ്പിക്കുകയോ; അഥവാ

(ഡി) തന്റെ കൈവശത്തിലോ സൂക്ഷിപ്പിലോ നിയന്ത്രണത്തിലോ ഉണ്ടായിരിക്കാവുന്ന, ട്രസ്ററുമായി ബന്ധപ്പെട്ട ഏതെങ്കിലും ബുക്കുകളോ പേപ്പറുകളോ മററു പ്രമാണങ്ങളോ നൽകാതിരിക്കുകയോ, അഡ്മിനിസ്ട്രേററർക്ക് അല്ലെങ്കിൽ ഈ ആക്ററ് പ്രകാരം അദ്ദേഹം അധികാരപ്പെടുത്തുന്ന ഏതെങ്കിലും ആളിൽ മനഃപൂർവ്വം എത്തിച്ചു കൊടുക്കാതിരിക്കുകയോ; അഥവാ

(ഇ) ന്യായമായ യാതൊരു കാരണവും കൂടാതെ 6-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സ്വത്തിന്റെയോ ആസ്തിയുടേയോ ഏതെങ്കിലും വിവരപ്പട്ടിക നൽകുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്താൽ,

കുററസ്ഥാപനത്തിൻമേൽ, അയാൾ രണ്ടു വർഷംവരെയാകാവുന്ന തടവിനോ പതിനായിരം രൂപവരെയാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടേണ്ടതാണ്.

**14.** <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.</u>— **(1)** ഗവൺമെന്റിന്, ഗസററിൽ വിജ്ഞാപനം വഴി, ഈ ആക്ററിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

**(2)** പ്രത്യേകിച്ചും മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും ഇനിപ്പറയുന്ന എല്ലാ കാര്യങ്ങൾക്കും വേണ്ടിയോ ഏതെങ്കിലും കാര്യങ്ങൾക്ക് വേണ്ടിയോ അപ്രകാരമുള്ള ചട്ടങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) **6**-ാം വകുപ്പു പ്രകാരമുള്ള ഉപദേശക സമിതിയിലെ അംഗങ്ങളുടെ കാലാവധി, അവർക്കിടയിലെ ആകസ്മികമായ ഒഴിവുകൾ നികത്തുന്ന രീതി, അവർക്കു നൽകേണ്ടതായ ഏതെങ്കിലും അലവൻസുകളും മററു വേതനവും;

(ബി) **9**-ാം വകുപ്പ് **(5)**-ാം ഉപവകുപ്പ് (സി) ഖണ്ഡ പ്രകാരം ട്രിബ്യൂണലിന് ഒരു സിവിൽ കോടതിയുടെ അധികാരമുള്ള അധിക സംഗതികൾ;

(സി) ഈ ആക്ററ് പ്രകാരം നിർണ്ണയിക്കപ്പെടേണ്ടതെന്നോ, നിർണ്ണയിക്കപ്പെടാവുന്നതോ അല്ലെങ്കിൽ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതോ ആയ മറ്റേതെങ്കിലും സംഗതികൾ.

**(3)** ഈ ആക്ററ് പ്രകാരം ഉണ്ടാക്കിയ ഓരോ ചട്ടവും അതുണ്ടാക്കിയശേഷം എത്രയുംവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുൻപാകെ ആകെ പതിനാല് ദിവസത്തേക്ക്- അത് ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാം-വയ്ക്കേണ്ടതും, അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ അതിന് തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും മാററം വരുത്തുകയോ അഥവാ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം അതതു സംഗതിപോലെ അങ്ങനെ മാററം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും മാററം വരുത്തലോ അസാധുവാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തതായ യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതുമാണ്.

**15.** <u>റദ്ദാക്കലും ഒഴിവാക്കലും.</u>—**(1) 1997**-ലെ ശിവഗിരിമഠം (അടിയന്തര വ്യവസ്ഥകൾ) ഓർഡിനൻസ്, ( **1997**-ലെ **15**) ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്ററിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.